(ബി) സംസ്ഥാനത്ത് ആദ്യം അനുവദിച്ച പ്ലസ്ടു ബാച്ചിൽ സ്വാഭാവിക നീതി നിഷേധിക്കപ്പെടുമെന്ന കാരണത്താൽ സുപ്രീംകോടതിയിൽ കേസുകൾ ഉണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത കേസ്സിലെ കക്ഷികൾ ആരൊക്കെയായിരുന്നു ;

(ഡി) പ്രസ്തുത കേസ്സിൽ സുപ്രീംകോടതി സംസ്ഥാന സർക്കാർ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചതിനു സ്വീകരിച്ച മാനദണ്ഡത്തെക്കുറിച്ച് വിശദാംശം ആവശ്യപ്പെട്ടിരുന്നുവോ ;

(ഇ) സുപ്രീംകോടതി ആവശ്യപ്പെട്ട വിശദാംശം സർക്കാർ നൽകിയിരുന്നുവോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാനദണ്ഡം വ്യക്തമാക്കുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) ഉണ്ട്. മുളമന ആനാകുടി ഹൈസ്ക്കൂൾ, കൊട്ടാരക്കര വെണ്ടാർ വിദ്യാധിരാജാ മെമ്മോറിയൽ ഹൈസ്ക്കൂൾ, മുസ്ലീം വിദ്യാഭ്യാസ സംരക്ഷണ സമിതി, മുതുകുളം സമാജം ഹൈസ്ക്കൂൾ തുടങ്ങിയവർ കേസിൽ കക്ഷികളായിരുന്നു.

(ഡി) ആവശ്യപ്പെട്ടിരുന്നു.

(ഇ) നൽകിയിരുന്നു. പ്രീഡിഗ്രി വേർപ്പെടുത്തുന്നതു വഴി സംജാതമാവുന്ന വിദ്യാഭ്യാസ ആവശ്യകതയും ഭൗതികസാഹചര്യങ്ങളുടെ ലഭ്യതയും പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയും എല്ലാം മാനദണ്ഡങ്ങളിൽ ഉൾപ്പെടും.

പ്ലസ് ടു കോഴ്സുകളിലെ സീറ്റുകൾക്ക് സംവരണം

48(456) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് ഹൈസ്ക്കൂളിലേയ്ക്ക് മാറ്റിയതിനാൽ സംവരണ സമുദായങ്ങൾക്ക് പ്രീഡിഗ്രിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണ സീറ്റുകൾ പ്ലസ് ടു വിഭാഗത്തിലും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ ;

(സി) പ്രൈവറ്റ് മാനേജുമെന്റ് നടത്തുന്ന സ്കൂളുകൾ പ്ലസ് ടു വിഭാഗത്തിൽ കമ്മ്യൂണിറ്റി ക്വാട്ട തത്വം തുടർന്നും ഉറപ്പു വരുത്തുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രീഡിഗ്രിക്ക് ഉണ്ടായിരുന്ന എല്ലാ സംവരണ ആനുകൂല്യങ്ങളും പ്ലസ് ടു വിലും നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രൈവറ്റ് മാനേജുമെന്റുകളിലും മേൽപ്പറഞ്ഞ സംവരണ തത്വം ബാധകമാണ്.

പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകൾ

49(457) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതിൽ എന്തെങ്കിലും മാനദണ്ഡം സർക്കാർ സ്വീകരിച്ചിരുന്നോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സർക്കാർ സ്കൂളുകൾക്ക് മുൻതൂക്കം നൽകുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നോ ;

(ഡി) ഇതുവരെ അനുവദിച്ച പ്ലസ് ടു കോഴ്സുകൾ സർക്കാർ, ന്യൂനപക്ഷ സാമുദായിക മാനേജ്മെന്റ്, വ്യക്തിഗത മാനേജുമെന്റ് എന്ന പ്രത്യേക കാറ്റഗറിയായി തിരിച്ചു വ്യക്തമാക്കുമോ ;

(ഇ) വ്യക്തിഗത മാനേജുമെന്റ് സ്കൂളുകൾക്ക് കൂടുതൽ മുൻതൂക്കം നൽകിയെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ന്യൂനപക്ഷങ്ങളിൽ ഓരോ സമുദായത്തിനും എൻ.എസ്.എസ്-നും നൽകിയ സ്കൂളുകളുടെ എണ്ണം പ്രത്യേകമായി വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്ലസ് ടു അനുവദിച്ചിരിക്കുന്നത്.

(ബി) മാനദണ്ഡങ്ങൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) സർക്കാർ സ്കൂളുകൾക്ക് മുൻതൂക്കം നൽകുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അങ്ങനെ ഒരാരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly